## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.227 05.05.2017 ന് മറുപടിയ്ക്ക്.

### കടുത്ത വരൾച്ച വനമേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീമതി.സി.കെ.ആശ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ)ഈ വർഷം അനുഭവപ്പെട്ട കടുത്ത വരൾച്ച സംസ്ഥാനത്തെ വനമേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) ഈ വർഷം സംസ്ഥാനത്ത് അനുഭവപ്പെടുന്ന കടുത്ത വരൾച്ച മൂലം വയനാട് (185.23 ഹെക്ടർ), ആറളം (2 ഹെക്ടർ), പീച്ചി (82.75 ഹെക്ടർ), പറമ്പിക്കുളം (70 ഹെക്ടർ) എന്നീ വനപ്രദേശങ്ങളിൽ കാട്ടുതീ വലിയ തോതിൽ ഉണ്ടായി. വനപ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. വന്യജീവികൾ, പ്രത്യേകിച്ച് കാട്ടാനകൾ ജനവാസ കേന്ദ്രങ്ങളിൽ പ്രവേശിക്കുന്ന സംഭവങ്ങൾ കൂടുതൽ ഉണ്ടാകുന്നുണ്ട്. വരൾച്ച രൂക്ഷമായതിനാൽ സംസ്ഥാനത്തെ വനപ്രദേശങ്ങളിലെ വിവിധ ഇക്കോ ടൂറിസം സെന്ററുകളിലേക്ക് പ്രവേശനം നിയന്ത്രിച്ചതു കാരണം ഇക്കോ ടൂറിസത്തിൽ നിന്നും ലഭിച്ചിരുന്ന വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. |
| (ബി) ജലലഭ്യതയില്ലാത്ത വനപ്രദേശങ്ങളിൽ കുഴൽകിണർ സ്ഥാപിക്കാനും കാട്ടിനുള്ളിൽ തന്നെ ടാങ്കുകൾ നിർമ്മിക്കാനും ഇവയിൽ വെള്ളം സംഭരിച്ച് വന്യമൃഗങ്ങൾക്ക് നല്കാനും നടപടി സ്വീകരിക്കുമോ; | (ബി) വേനൽക്കാലം ആരംഭിക്കുന്നതിനു മുമ്പ് തന്നെ വനമേഖലകളിലെ ചെക്ക് ഡാം, വാട്ടർഹോൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തി ജലലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ വാഹനങ്ങളിൽ ജലം എത്തിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടില്ലാത്ത ഇടങ്ങളിൽ അതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) രൂക്ഷമായ വരൾച്ച കാരണം വയനാട് ജില്ലയിൽ വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നത് പതിവായിട്ടുണ്ടോ; ഇതിന് എന്ത് | (സി) രൂക്ഷമായ വരൾച്ച കാരണം വയനാട് ജില്ലയിൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യജീവനും, കൃഷിക്കും നാശനഷ്ടം വരുത്തുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇത് തടയുന്നതിനായി വയനാട് ജില്ലയിൽ |

| | |
|---|---|
| പരിഹാര നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | 514.116 കിലോമീറ്റർ ദൂരം സോളാർ പവർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 430.14 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങ്, 21.468 കിലോമീറ്റർ ആന പ്രതിരോധ മതിൽ, 1.466 കിലോമീറ്റർ കല്ലു പതിപ്പിച്ച കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തുരത്തുന്നതിന് 118 എലിഫന്റ് സ്കെയറിംഗ് വാച്ചർമാരേയും നിയമിച്ചിട്ടുണ്ട്. പ്രശ്നബാധിത പ്രദേശങ്ങളിൽ ഡിസ്പ്ലെ ബോർഡോടുകൂടി എസ്.എം.എസ് അലർട്ട് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ടി സംവിധാനത്തിന്റെ സഹായത്തോടെ പ്രദേശവാസികളുടെ മൊബൈൽ ഫോണിലേക്ക് വോയിസ് കോളും മെസ്സേജും വഴി വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം സംബന്ധിച്ച മുന്നറിയിപ്പ് നൽകി വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ വനമേഖലകൾ ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനകീയ-ഉദ്യോഗസ്ഥ പങ്കാളിത്തത്തോടെ രൂപീകരിച്ചിട്ടുള്ള ജനജാഗ്രതാ സമിതികൾ ഊർജ്ജിതമായി പ്രവർത്തിച്ച് സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ വനത്തിനുള്ളിൽ പരമാവധി ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

Sd/- Latheesh

സെക്ഷൻ ഓഫീസർ